**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368** **02-07-2024 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിലെ എത്ര കുടുംബങ്ങളാണ് അതിദാരിദ്ര്യം അനുഭവിക്കുന്നതെന്ന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി സർക്കാർ നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടത്തിയ സർവ്വേയിൽ കണ്ടെത്തിയ 64,006 അതിദരിദ്രരിൽ 2737 പേരെയാണ് മത്സ്യതൊഴിലാളി മേഖലയിൽ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 974 പേർ മത്സ്യത്തൊഴിലാളികളാണ്. സർവ്വേ പ്രകാരം കണ്ടെത്തിയ 2737 പേരുടെയും വിവരങ്ങൾ ഫിഷറീസ് വകുപ്പ് ജില്ല തിരിച്ച് എടുക്കുകയും ഭൂരിഭാഗം പേരുടെയും പ്രശ്നങ്ങൾ പരിഹരിക്കുകയും ബാക്കിയുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>മേൽ പറഞ്ഞ 2737 പേരിൽ 2511 പേരെ അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി വകുപ്പ് തയ്യാറാക്കിയിട്ടുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സ്വഭാവത്തോടെ ഉടൻ നടപ്പാക്കാവുന്നതും കുടുംബങ്ങളുടെ അതിജീവനത്തിനു അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളും ഭക്ഷണം, മരുന്ന് എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ എന്നീ ഘടകങ്ങൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഇത്തരത്തിലുള്ളവരിൽ എത്ര പേരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | അതിദാരിദ്ര്യ പദ്ധതി പ്രകാരം കണ്ടെത്തിയവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉടൻ നടപ്പിലാക്കാവുന്ന സർവീസ് പദ്ധതികൾ, ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, |

ദീർഘകാല പദ്ധതികൾ എന്നിങ്ങനെ തരംതിരിച്ചാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർവ്വേ പ്രകാരം കണ്ടെത്തി ഫിഷറീസ് വകുപ്പിന് തുടർനടപടികൾക്കായി നൽകിയ 2737 പേരുടെയും വിവരങ്ങൾ ജില്ല തിരിച്ചെടുത്തു നടപടി സ്വീകരിച്ചു വരുന്നുണ്ട്. പട്ടികയിൽ ഉൾപ്പെട്ടവരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങളിൽ ഇവർക്ക് മുൻഗണന നൽകുന്നതിനും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാതലത്തിൽ ജില്ല ഓഫീസർമാർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ഭക്ഷണം സ്വയം പാകം ചെയ്തു കഴിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന വൃദ്ധരുടെയും, ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായിട്ടുണ്ട്. ഭക്ഷണം ലഭ്യമാക്കൽ, മരുന്ന് ലഭ്യമാക്കൽ, റേഷൻ കാർഡ്,ആധാർ കാർഡ്, വോട്ടർ ഐ ഡി കാർഡ് തുടങ്ങി ലഭ്യമായതിൽ വിവിധങ്ങളായ പ്രശ്നങ്ങൾ ഭൂരിഭാഗവും പരിഹരിച്ചിട്ടുണ്ട്.

ഭക്ഷണ പ്രശ്നം നേരിട്ടിരുന്ന 972 പേരിൽ 972 പേരുടെ ഭക്ഷണ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. മരുന്നുകൾക്ക് ദൗർലഭ്യം അനുഭവിച്ചിരുന്ന 1384 പേരിൽ 1282 പേർക്ക് മരുന്നുകൾ ലഭ്യമാക്കാനായിട്ടുണ്ട്. റേഷൻ കാർഡ് ലഭ്യമാകാനുള്ള 210 പേരിൽ 178 പേരുടെ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ആധാർ കാർഡ് ലഭ്യമാകാനുള്ള 243 പേരിൽ 197 പേരുടെ പ്രശ്നം പരിഹരിക്കപെട്ടിട്ടുണ്ട്. ഭവന രഹിതരായ 690 പേരിൽ 362 പേരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിത /ഭവന രഹിതരായി കണ്ടെത്തിയ 515 പേരിൽ 221 പേരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ള പ്രശ്നം നേരിട്ടിരുന്ന 214 പേരിൽ 192 പേരുടെ പ്രശ്നം പരിഹരിക്കാനായി. വൈദ്യുതി പ്രശ്നങ്ങൾ ഉണ്ടായിരുന്ന 151 പേരിൽ 100 പേർക്ക് ആയതു പരിഹരിച്ചു നല്കാനായിട്ടുണ്ട്. സ്വന്തം വാസ സ്ഥലത്തിലേക്ക് വഴി പ്രശ്നം നേരിട്ടിരുന്ന 99 പേരിൽ 57 പേരുടെ പ്രശ്നം പരിഹരിക്കാനായിട്ടുണ്ട്. വിദ്യാഭ്യാസത്തിനു തടസ്സം നേരിട്ടിരുന്ന പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാകാത്ത 205 പേരിൽ 135 പേർക്ക് ആയതിനുള്ള സൗകര്യങ്ങൾ ഒരുക്കി നല്കാനായിട്ടുണ്ട്. സ്വന്തമായി ഭവനം ഇല്ലാത്തവർ/ഭൂരഹിത ഭവന രഹിതർ എന്നിവർക്ക് ലൈഫ് മിഷൻ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു ബന്ധപ്പെട്ട തദ്ദേശ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മുഖേനയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.<br><br>കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പുനർഗേഹം പദ്ധതിയിൽ 69 കുടുംബങ്ങളെ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ച് വരുന്നു. ഡിസ്ട്രിക്ട് ലെവൽ അപ്രൂവൽ കമ്മിറ്റി (DLAC) അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ട ഈ ഗുണഭോക്താക്കൾ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 12 കുടുംബങ്ങൾ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>അതിദരിദ്ര പട്ടികയിൽപ്പെട്ട 176 പേർ ഇതിനകം മരണപ്പെട്ടുകയും 50 പേർ അനർഹരെന്നു തദ്ദേശ സ്വയം ഭരണ വകുപ്പ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പതിനാലാം സുസ്ഥിര വികസന ലക്ഷ്യ പ്രകാരം വിശപ്പ് രഹിത ജനത എന്നത് സാക്ഷാത്കരിക്കുന്നതിന് മത്സ്യമേഖലയിൽ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ? | (സി) | പതിനാലാം സുസ്ഥിര വികസന ലക്ഷ്യ പ്രകാരം വിശപ്പ് രഹിത ജനത എന്നത് സാക്ഷാത്കരിക്കുന്നതിനായി മത്സ്യ സമ്പത്ത് കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയതിലേക്ക് വിവിധങ്ങളായ പദ്ധതികൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2017 ൽ KMFR ആക്റ്റ് ഭേദഗതി ചെയ്യും 2018 ൽ ചട്ടം നടപ്പാക്കിയും നടപടികൾ സ്വീകരിച്ചുവരുന്നു. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കിയതിന്റെ ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. എന്നാൽ കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം തുടർന്നുള്ള രണ്ടു വർഷങ്ങളിൽ മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതിനാൽ കടൽ മത്സ്യ ലഭ്യത കുറഞ്ഞുവെങ്കിലും 2021-22ൽ 6.02 ലക്ഷം മെട്രിക് ടൺ ആയും 2022-23 ൽ 6.9 ലക്ഷം മെട്രിക് ടൺ, 2023-24 ൽ 5.82 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെ കടൽ മത്സ്യഉത്പാദനത്തിൽ സ്ഥിരത കൈവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിൽ കടൽ മത്സ്യ ഉത്പാദനത്തിൽ 2022 ൽ കേരളത്തിന് മൂന്നാം സ്ഥാനവും 2023 ൽ രണ്ടാം സ്ഥാനവും ഉണ്ട്. |

ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ്‌വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ട് മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു.

2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കൽ'" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അവ 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിക്കുകയും ചെയ്തു.

കടലിനെയും കടലോരത്തേയും പ്ലാസ്റ്റിക് മുക്തമാക്കുന്നതിലൂടെ കടൽ സമ്പത്ത് വർധിപ്പിക്കുന്നതിന് കഴിയുന്നതാണ്. ആയതിലേക്ക് കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി മത്സ്യ ത്തൊഴിലാളികൾ,

| | | | |
|---|---|---|---|
| | | | ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനായി ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRPയാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 വീതം FRP യാനങ്ങൾ, (എൻജിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതി പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ